(ഡി) ശബരിമല അയ്യപ്പ ക്ഷേത്രം പെരിയാർ കടുവാ സങ്കേതത്തിലാണ് സ്ഥിതി ചെയ്യുന്നത്. അയ്യപ്പന്റെ പുണ്യാവനം എന്ന് വിശേഷിപ്പിക്കപ്പെടുന്ന ഈ ഭൂപ്രദേശം പെരിയാർ കടുവാ സങ്കേതം, റാന്നി, അച്ചൻകോവിൽ എന്നീ വനം ഡിവിഷനുകളിൽപ്പെടുന്ന പ്ലാപ്പള്ളി-ചാലക്കയം-പമ്പ വഴിയും, എരുമേലി-അഴുത-ചെറിയാനവട്ടം വഴിയും വണ്ടിപ്പെരിയാർ-സത്രം-ഉപ്പുപാറ-പുല്ലുമേട് വഴിയും, വള്ളക്കടവ്-നാലാം മൈൽ-ഉപ്പുപാറ വഴിയും ലക്ഷക്കണക്കിനാളുകൾ മണ്ഡല മകരവിളക്ക് കാലത്ത് സന്നിധാനത്ത് എത്തിച്ചേരുന്നു. മേൽപ്പറഞ്ഞ എല്ലാ പാതകളും പെരിയാർ ടൈഗർ റിസർവിൽ കൂടി കടന്നുപോകുന്നവയാണ്. 1965-66 കാലത്ത് 4-ാം മൈൽ ഉപ്പുപാറ വരെ റോഡ് നിർമ്മിച്ച ശേഷം കുമിളി വഴി തമിഴ്നാട്ടിൽ നിന്ന് എത്തുന്ന അയ്യപ്പൻമാരും ഈ റോഡ് വഴിയാണ് ശബരിമലയിലേക്ക് പോകുന്നത്. അംഗീകരിച്ച ശബരിമല മാസ്റ്റർ പ്ലാൻ അനുസരിച്ച് 4-ാം മൈൽ ഉപ്പുപാറ റോഡ് അടയ്ക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ സത്രം ബേസ് ക്യാമ്പ് വികസിപ്പിക്കുന്നതുവരെ 4-ാം മൈൽ ഉപ്പുപാറ റോഡ് തുറന്നു കൊടുക്കാൻ 3-5-2007-ലെ സർക്കാർ ഉത്തരവ് നമ്പർ ജി.ഒ (എം.എസ്) 146/2007/RD പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്. ഇതനുസരിച്ച് എല്ലാ വർഷവും ഡിസംബർ 2-ാം വാരം മുതൽ 4-ാം മൈൽ ഉപ്പുപാറ റോഡ് തീർത്ഥാടനത്തിനായി തുറന്നു കൊടുക്കാറുണ്ട്. ഓരോ വർഷവും തീർത്ഥാടനകാലത്തിന് മുൻപ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ബഹു. ദേവസ്വം മന്ത്രി എന്നിവർ വിളിച്ചുകൂട്ടുന്ന തീർത്ഥാടനവുമായി ബന്ധപ്പെട്ട റിവ്യൂ മീറ്റിംഗുകളിൽ 4-ാം മൈൽ ഉപ്പുപാറ റോഡ് തീർത്ഥാടകർക്കായി ഗതാഗത യോഗ്യമാക്കണമെന്ന് തീരുമാനമാകാറുള്ളതും ഈ വർഷവും ഇപ്രകാരം തീരുമാനിച്ചിട്ടുള്ളതുമാകുന്നു. മേൽ വിവരിച്ച സാഹചര്യത്തിൽ പുല്ലുമേട്ടിലേക്ക് ഭക്തജനങ്ങളെ പ്രവേശിപ്പിച്ചതിൽ വനം വകുപ്പധികൃതരുടെ ഭാഗത്തു നിന്നും അനാസ്ഥ ഉണ്ടായിട്ടില്ല.

(ഇ) ചോദ്യം (ഡി)-യുടെ ഉത്തരവിന്റെ വെളിച്ചത്തിൽ ബാധകമല്ല.

(എഫ്) ശബരിമലയിലെ വികസന പ്രവർത്തനങ്ങൾ നടത്തുന്നതിനും ഇത്തരം ദുരന്തങ്ങൾ ആവർത്തിക്കാതിരിക്കുന്നതിനും കേന്ദ്ര സർക്കാരിന്റെ സഹായത്തോടെ ആവിഷ്കരിച്ചു ശബരിമല മാസ്റ്റർ പ്ലാൻ താമസംവിനാ നടപ്പാക്കുന്നതാണ്.

വണ്ടിപ്പെരിയാർ പുൽമേട്ടിലെ വനംവകുപ്പ് ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യം

237(344) ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും വേനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വണ്ടിപ്പെരിയാർ പുൽമേട്ടിൽ എത്ര വനം വകുപ്പ് ഉദ്യോഗസ്ഥർ സേവനം അനുഷ്ഠിക്കുന്നുണ്ട് ;

(ബി) ഏത് ഉദ്യോഗസ്ഥനാണ് ഇവിടെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നത് ;

(സി) മകരവിളക്ക് ദിവസം എത്ര ഉദ്യോഗസ്ഥർ ഡ്യൂട്ടിയിൽ ഉണ്ടായിരുന്നു :

LIBRARY ARCHIVES Kerala Legislative Assembly

(ഡി) വനം വകുപ്പിന്റെ ശ്രുതകർമ്മസേന പുൽമേട്ടിൽ ഉണ്ടായിരുന്നോ ;

(ഇ) തീർത്ഥാടകർക്ക് ഇവിടെ എന്തെല്ലാം അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) വണ്ടിപ്പെരിയാർ പുൽമേട്ടിൽ സത്രം സെക്ഷനിൽ 1 ഫോറസ്റ്ററും 4 ഫോറസ്റ്റ് ഗാർഡുമാരും ഉപ്പുപാറ സെക്ഷനിൽ 1 ഫോറസ്റ്ററും 2 ഫോറസ്റ്റ് ഗാർഡുമാരും സ്ഥിരമായി ഡ്യൂട്ടിയിലുണ്ട്. ഈ കൊല്ലം മകരവിളക്ക് സമയത്ത് ഈ ഉദ്യോഗസ്ഥരെ കൂടാതെ ചുഴി സെക്ഷനിലെ 1 ഫോറസ്റ്ററും 3 ഫോറസ്റ്റ് ഗാർഡുമാരും തേക്കടി ഫ്ളൈയിംഗ് സ്കാഡിലെ 3 ഫോറസ്റ്റ് ഗാർഡുമാരും ഈ ഭാഗത്ത് സേവനം അനുഷ്ഠിക്കുന്നുണ്ട്. മേൽ പറഞ്ഞ 15 വനം ഉദ്യോഗസ്ഥരെ കൂടാതെ 16 ഫോറസ്റ്റ് വാച്ചർമാരും 36 ഇക്കോ ഡവലപ്മെന്റ് കമ്മിറ്റി അംഗങ്ങളും ഈ ഭാഗത്ത് സേവനം അനുഷ്ഠിച്ചിരുന്നു.

(ബി) സത്രം സെക്ഷൻ ഫോറസ്റ്ററാണ് ഇവിടത്തെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നത്. ഇദ്ദേഹം ഉപ്പുപാറ-സ്വാമി അയ്യപ്പ പുങ്കാവന-വന പുനരുദ്ധാരണ ഇക്കോഡവലപ്മെന്റ് കമ്മിറ്റിയുടെ എക്സ്-ഒഫീഷ്യോ സെക്രട്ടറി കൂടിയാണ്.

(സി) മകരവിളക്ക് ദിവസം 15 വനം വകുപ്പ് ഉദ്യോഗസ്ഥരും ഡ്യൂട്ടിയിലുണ്ടായിരുന്നു.

(ഡി) പുൽമേട്ടിൽ ശ്രുതകർമ്മസേനയെ നിയോഗിച്ചിരുന്നില്ല. ചന്ദന സംരക്ഷണം, വനസംരക്ഷണ പ്രവർത്തനങ്ങൾക്കാണ് ശ്രുതകർമ്മസേനയെ നിയോഗിക്കുന്നത്.

(ഇ) കാനന പാതയുടെ അറ്റകുറ്റപ്പണികൾ നടത്തി സഞ്ചാരയോഗ്യമാക്കി. കാട്ടുതീയിൽ നിന്നും വന്യജീവികളിൽ നിന്നും തീർത്ഥാടകർക്ക് സംരക്ഷണം ഉറപ്പുവരുത്തുന്നതിനായി ഫയർലൈൻ തെളിയിക്കുകയും കൺട്രോൾ ബേർണിംഗ് നടത്തുകയും ചെയ്യുന്നു. തീർത്ഥാടകരുടെ സുരക്ഷ ഉറപ്പാക്കുന്നതിന് പോലീസ് ക്യാമ്പ്, വയർലസ്സ് സ്റ്റേഷൻ എന്നിവ സ്ഥാപിക്കുന്നതിന് അനുമതി നൽകി. കൂടാതെ ആവശ്യമായ ഘട്ടത്തിൽ തീർത്ഥാടകർക്ക് പ്രാഥമിക ചികിത്സാ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് പ്രാഥമിക ആരോഗ്യകേന്ദ്രം സ്ഥാപിക്കാനും ആരോഗ്യ വകുപ്പിന് അനുമതി നൽകി. ഭക്ഷണ പദാർത്ഥങ്ങൾ, വെള്ളം വിതരണത്തിന് സേവനകേന്ദ്രങ്ങൾ പ്രവർത്തിപ്പിക്കുന്നതിന് തദ്ദേശീയരായ ഇ.ഡി.സി. അംഗങ്ങൾക്കും, സന്നദ്ധ സംഘടനയായ അയ്യപ്പസേവാ സംഘത്തിനും വേണ്ട അനുമതിയും സൗകര്യവും വനം വകുപ്പ് നൽകിയിട്ടുണ്ട്.

വണ്ടിപ്പെരിയാർ പുൽമേട്ടിലെ വാഹന ഗതാഗതം

238(945) ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വണ്ടിപ്പെരിയാർ പുൽമേട്ടിലേക്ക് വാഹനങ്ങൾ കടത്തിവിടുന്നതിന് ടോൾ പിരിവ് നടത്തുന്നുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly